"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ്-ഐ.സി.ഡി.എസ്- അനുപൂരക പോഷകാഹാര പദ്ധതി 2024-25 സാമ്പത്തിക വർഷം- ഒന്നാം ഗഡു കേന്ദ്ര വിഹിതം - റി-അപ്രോപ്രിയേഷൻ - ആനുപാതിക സംസ്ഥാന വിഹിതം അഡീഷണൽ ആതറൈസേഷൻ- മുഖേന ഫണ്ട് വകയിരുത്തുന്നതിനും - SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും, പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.404/2024/WCDD തീയതി,തിരുവനന്തപുരം, 16-10-2024

**വനിതാ ശിശു വികസന (ബി) വകുപ്പ്**

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 27.08.2024 ലെ CD-II-14/6/2024-CD-II നം കത്ത്.
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 05.09.2024 ലെ DWCD/4396/2024-ICDSB3-Part(1) നം കത്ത്.
3. സ.ഉ.(സാധാ) നമ്പർ 7297/2024/ധന തീയതി 03.10.2024.
4. സ.ഉ.(സാധാ) നമ്പർ 7298/2024/ധന തീയതി 03.10.2024.

**<u>ഉത്തരവ്</u>**

ഐ.സി.ഡി.എസ് മുഖേനയുള്ള അനുപൂരക പോഷകാഹാര പരിപാടി (Supplementary Nutrition Programme) കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ ആണ് നടപ്പിലാക്കുന്നത്. നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി നടത്തിപ്പിനായി 2235-02-102-39-01 ശീർഷകത്തിൽ 150,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS-SNA മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായും, ഈ പദ്ധതിയുടെ വിഹിതം SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ശീർഷകങ്ങൾ അനുവദിച്ചുത്തരവായിട്ടുണ്ട്. എസ്.എൻ.പി പദ്ധതി നടത്തിപ്പിനായി നടപ്പ സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി ഒന്നാം ഗഡുവായി 63,91,62,000/-രൂപ പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്.

2) കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിൽ നടപ്പിലാക്കപ്പെടുന്ന ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം സംസ്ഥാനം അനുവദിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാർ SNP (General Component) ഒന്നാം ഗഡുവായി അനുവദിച്ചിട്ടുള്ള 57,14,11,000/- രൂപ 2235-02-102-39-01 എന്ന ശീർഷകത്തിലും കേന്ദ്ര സർക്കാർ SNP SC Component ന് ഒന്നാം ഗഡുവായി അനുവദിച്ചിട്ടുള്ള 5,81,64,000/- രൂപ 2235-02-789-93-01 ശീർഷകത്തിലും, കേന്ദ്ര സർക്കാർ SNP (ST Component) ഒന്നാം ഗഡുവായി അനുവദിച്ചിട്ടുള്ള 95,87,000/- രൂപ 2235-02-796-93-01 എന്ന ശീർഷകത്തിലും റി-

അപ്രോപ്രിയേഷൻ മുഖേന ചുവടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതുണ്ട്.

| SNP Component | ശീർഷകം | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | അനുവദിക്കേണ്ട തുക | അഭിപ്രായം |
|---|---|---|---|---|
| SNP General ( Central Share) | 2235-02-102-39-01 | 150,00,00,000/- | 57,14,11,000/- | central release |
| SNP SC ( Central Share) | 2235-02-789-93-01 | 0 | 5,81,64,000/- | re-appropriation from 2235-02-102-39-01 |
| SNP ST ( Central Share) | 2235-02-796-93-01 | 0 | 95,87,000/- | re-appropriation from 2235-02-102-39-01 |
| ആകെ | | | 63,91,62,000/- | |

3) കേന്ദ്ര വിഹിതത്തിന് ആനുപാതിക സംസ്ഥാന വിഹിതമായ SNP General component 57,14,11,000/-രൂപ 2235-02-102-39-02 എന്ന ശീർഷകത്തിലും SNP (SC) യുടെ സംസ്ഥാന വിഹിതമായ 5,81,64,000/- രൂപ 2235-02-789-93-02 ശീർഷകത്തിലും, SNP(ST) യുടെ സംസ്ഥാന വിഹിതമായ 95,87,000/- രൂപ 2235-02-796-93-02 ശീർഷകത്തിലും സംസ്ഥാന വിഹിതമായി ആകെ 63,91,62,000/- രൂപ കേരളാ ബഡ്ജറ്റ് മാനുവൽ 95(3) പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന ബന്ധപ്പെട്ട ശിർഷകങ്ങളിൽ വകയിരുത്തുന്നതിനും ഇപ്രകാരം വകയിരുത്തുന്ന ആകെ 127,83,24,000/- രൂപ (നൂറ്റി ഇരുപ്പത്തിയേഴ് കോടി എൺപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) ഈ പദ്ധതിയുടെ SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതിയും, പ്രസ്തുത തുക വകുപ്പ് മുഖേന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3), (4) പ്രകാരം additional expenditure, re-appropriation അനുവദിച്ച് തുക വകയിരുത്തിയിട്ടുണ്ട്. പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ 63,91,62,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 63,91,62,000/- രൂപയും ചേർത്ത് 127,83,24,000/- രൂപ (നൂറ്റി ഇരുപ്പത്തിയേഴ് കോടി എൺപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും പിൻവലിച്ച് പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകിയും, പ്രസ്തുത തുക വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | കമ്പോണന്റ് | ശീർഷകം | കേന്ദ്ര വിഹിതം തുക | ശീർഷകം | സംസ്ഥാന വിഹിതം തുക |
|---|---|---|---|---|---|
| 1 | [illegible] | | 57,14,11,000/ | | 57,14,11,000/ |

| | | | | | |
|---|---|---|---|---|---|
| 1 | ജനറൽ | 2235-02-102-39-01 | 57,14,11,000/- | 2235-02-102-39-02 | 57,14,11,000/- |
| 2 | എസ്. സി | 2235-02-789-93-01 | 5,81,64,000/- | 2235-02-789-93-02 | 5,81,64,000/- |
| 3 | എസ്.റ്റി | 2235-02-796-93-01 | 95,87,000/- | 2235-02-796-93-02 | 95,87,000/- |
| Total | | | 63,91,62,000/- | | 63,91,62,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-1/225/2024-FIN(E: 2905829) ]

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sithara Vijayan**
**Date: 17-10-2024 11:01:43**

സെക്ഷൻ ഓഫീസർ